ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) സാമ്പത്തിക നില മുൻ വർഷങ്ങളിലെക്കാൾ വളരെ മെച്ചപ്പെട്ടിട്ടുണ്ട്.

(ബി) 1985 ജനുവരി 28-ാം തീയതി സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന ഓവർഡ്രാഫ്റ്റിന്റെ 90 ശതമാനം വരുന്ന തുകകൾ കേന്ദ്രം അത്തരം സംസ്ഥാനങ്ങൾക്ക് നൽകി. കേരളത്തിന് ആ ഇനത്തിൽ 241.86 കോടി രൂപ കിട്ടി. കേരളം റിസർവ്വ് ബാങ്കിന് 1985 ജനുവരി 28-ാം തീയതിയിലെ ഓവർഡ്രാഫ്റ്റും വേജസ് ആൻറ് മീൽസ് കടവുമായ മൊത്തം 299.12 കോടി രൂപ തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

1985-86-ൽ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ

*45 [48] ശ്രീ. എം. കെ. കേശവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1985-86-ൽ എത്ര ഹരിജൻ കോളനികൾ വൈദ്യുതീകരിച്ചു ;

(ബി) ഇതിനുവേണ്ടി നീക്കിവച്ചിരിക്കുന്ന തുക ഏതെങ്കിലും ലാപ്സായി പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുള്ള കാരണമെന്ത് ?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 28-2-1986 വരെ സ്പെഷ്യൽ കംപോണൻറ് പ്ലാനനുസരിച്ച് 351 ഹരിജൻ കോളനികളും ആർ. ഇ. സി. പദ്ധതിപ്രകാരം 15 ഹരിജൻ തസ്തികകളും വൈദ്യുതീകരിച്ചു.

(ബി, സി) ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്ന തുക ചിലവാക്കാൻ 31-3-1986 വരെ സമയമുണ്ട്. കഴിയുന്നത്ര ജോലികൾ ചെയ്തുതീർക്കാൻ ബോർഡ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. അതുകൊണ്ട് തുക ഏതെങ്കിലും ലാപ്സാകുമോ എന്നു ഇപ്പോൾ പറയാൻ നിർവാഹമില്ല.

പോളിടെക്നിക്കുകൾ ആരംഭിക്കാൻ നടപടി

*46 [49] ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത അദ്ധ്യയന വർഷം പുതുതായി പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവൺമെൻറ് മേഖലയിലോ, സ്വകാര്യമേഖലയിലോ ;

(സി) സ്വകാര്യമേഖലയിൽ പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷ ലഭിച്ചു ;

(ഡി) ഏതെല്ലാം സ്ഥലങ്ങളിലാണ് പോളിടെക്നിക്കുകൾ തുറക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഉണ്ട്.

(ബി) ഗവൺമെൻറ് മേഖലയിലും, സ്വകാര്യ മേഖലയിലും.

(സി) 106 എണ്ണം.

(ഡി) തീരുമാനിച്ചിട്ടില്ല.

(ii) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യോത്തരങ്ങൾ

നാഷണൽ ഹൈവേക്കുവേണ്ടി പൊന്നുംവിലക്കെടുത്ത സ്ഥലം

66. [86] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേക്കുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലങ്ങളിലുള്ള കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനോ ലേലം ചെയ്തു വിൽക്കുന്നതിനോ എന്തെങ്കിലും കാലപരിധിയുണ്ടോ ;

(ബി) എൻ. എച്ച്. 47 തിരുവനന്തപുരം ബൈപ്പാസിനുവേണ്ടി പൊന്നും വിലയ്ക്കെടുത്ത സ്ഥലത്ത് പൊന്നുംവിലകൊടുത്തു ഒരു വർഷം കഴിഞ്ഞിട്ടും പൊളിച്ചുമാറ്റാത്ത എത്ര കെട്ടിടങ്ങളുണ്ട് ;

(സി) ഈ കെട്ടിടങ്ങൾ യഥാസമയം ലേലം ചെയ്തു വിൽക്കാത്തതുകൊണ്ട് ഇടിഞ്ഞുവീണും, മരസാധനങ്ങൾ മോഷണം പോയും സർക്കാരിന് വലിയ നഷ്ടം സംഭവിക്കുന്നതായി ഗവൺമെൻറിനു അറിവുണ്ടോ ;

(ഡി) പൊന്നും വില കൊടുത്ത് കൈവശപ്പെടുത്തിയ സ്ഥലത്തുള്ള വൃക്ഷങ്ങളുടെ ആദായം എടുക്കുന്നതിനു എന്ത് ഏർപ്പാടാണുള്ളത് ?

ഉത്തരം

(എ) ഇല്ല.

(ബി) എട്ട് കെട്ടിടങ്ങളുണ്ട്.

(സി) കെട്ടിടങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനിടയിൽ കേടുപാടുകൾ സംഭവിക്കാറുണ്ട്, എങ്കിലും വലിയ സാമ്പത്തിക നഷ്ടം സംഭവിക്കാറില്ല.

(ഡി) യഥാസമയം ലേലം ചെയ്യാറുണ്ട്.

നേമം നിയോജകമണ്ഡലത്തിലെ റോഡുകൾ

67. [96] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) നേമം നിയോജകമണ്ഡലത്തിൽ പണി തുടങ്ങുന്നതിനുവേണ്ടി എം. എൽ. എ. റോഡുകൾ ഏറെറടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം ;

(സി) ഈ എം. എൽ. എ. റോഡുകളുടെ പണി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly